ഉത്തരം

ഈ .സർക്കാർ അധികാരത്തിൽ വന്ന ശേഷം വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ പി.ഡബ്യു.ഡി (ബിൽഡിംഗ്സ്) വകുപ്പ് ഏറ്റെടുത്ത് നടത്തിയ നിർമ്മാണ-വികസന പ്രവൃത്തികളുടെ പേരു വിവരങ്ങളും ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.†

പത്തനംതിട്ട പി.ഡബ്യു.ഡി. റോഡ്സ് സിവിഷൻ റോഡുകൾക്കുള്ള ഭരണാനുമതി

219 (1947) ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപ്ഗ്രഡേഷൻ ഓഫ് ഒ.ഡി.ആർ. എന്ന പേരിൽ നിയോജക മണ്ഡലം തിരിച്ച് പത്തനംതിട്ട പി.ഡബ്ല്യു.ഡി. റോഡ്സ് ഡിവിഷൻ 2010 ഒക്ടോബർ-നവംബർകാലത്ത് എസ്റ്റിമേറ്റ് തുകയും റോഡുകളുടെ ലിസ്റ്റും സഹിതം സമർപ്പിച്ചിരുന്നോ ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) ഇതിൽ എത്ര എണ്ണത്തിന് ഇതുവരെ ഭരണാനുമതി നൽകി ; നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ;

(സി) പി.ഡബ്ല്യു.ഡി.യുടെ കൈവശമുണ്ടായിരുന്ന ഒ.ഡി.ആർ. വിഭാഗത്തിൽപ്പെട്ട റോഡുകളെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ വ്യക്തമാക്കിയിട്ടുള്ള ഈ റോഡുകൾക്ക് ഇനിയും ഭരണാനുമതി നൽകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ലിസ്റ്റിൽ ഇല്ലാത്ത റോഡുകൾക്ക് ഇപ്പോൾ ഭരണാനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ ; ഏതൊക്കെ നിയോജക മണ്ഡലങ്ങളിൽ ;

(ഇ) ഒ.ഡി.ആർ. വിഭാഗത്തിൽപ്പെട്ട റോഡുകളുടെ ഭരണാനുമതി നിർദ്ദേശം നിലനിൽക്കേ അതിൽപ്പെടാത്ത പി.ഡബ്ല്യു.ഡി.യുടേതല്ലാത്ത റോഡുകൾക്ക് ഭരണാനുമതി നൽകിയതെങ്ങനെ എന്ന് വ്യക്തമാക്കുമോ ; അതിന്റെ മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി-ഇ) പി.ഡബ്യു.ഡി റോഡ്സ് സിവിഷൻ സമർപ്പിച്ച ഒ.ഡി.ആർ. ലിസ്റ്റിൽ ഫൈനാൻസ് ഇൻസ്പെക്ഷൻ വിഭാഗം പരിശോധിച്ച് യുക്തമെന്ന് തോന്നിയ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്. ഭരണാനുമതി ഉത്തരവ് നിയോജകമണ്ഡലഅടിസ്ഥാനത്തിലല്ല പുറപ്പെടുവിച്ചത്. മറിച്ച് റോഡുകളുടെ അവസ്ഥ പരിഗണിച്ചാണ് അനുമതി നൽകിയിട്ടുള്ളത്.

† അനുബന്ധം - VII

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly